## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3936 15.03.2017-ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പാനൽ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഒരു വീടിന് ഒരു സൗരോർജ്ജ പാനൽ എന്ന നയം തുടങ്ങാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി വൈദ്യുതി ലൈൻ എത്തിയിട്ടില്ലാത്ത ഉൾനാടൻ ഒറ്റപ്പെട്ട പ്രദേശങ്ങൾ 300 WP ശേഷിയുള്ള സോളാർ പാനൽ 300 VA ഇൻവർട്ടർ, 120 AH-ന്റെ രണ്ട് ബാറ്ററികൾ മുതലായവ ഉൾപ്പെടുന്ന സൗരനിലയം സ്ഥാപിച്ച് വൈദ്യുതി നൽകുന്നതിന് വേണ്ട പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സോളാർ കണക്ട് (സൗരോർജ്ജ ഗ്രിഡ് കണക്ടഡ് പദ്ധതി), സോളാർ സ്മാർട്ട് (സൗരോർജ്ജ ഓഫ്ഗ്രിഡ്) പദ്ധതി എന്നിങ്ങനെ ആകെ 11.4 മെഗാവാട്ട് സ്ഥാപിതശേഷിയാണ് 2016-17 നടപ്പിലാക്കുന്നത്. |
| (ബി) | കുറഞ്ഞ നിരക്കുകളിൽ സോളാർ പാനലുകൾ ലഭ്യമാക്കാൻ സർക്കാർ തയ്യാറാവുമോ എന്നറിയിക്കാമോ? | (ബി) | കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി കുറഞ്ഞ ചെലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ആഫീസർ